മതംമാറിപ്പോയവർക്ക് മതനേതാക്കൾ നൽകുന്ന ശിക്ഷ അവർക്കു നേരി ടേണ്ടിവന്നേക്കാം; അവരെ വേണമെങ്കിൽ കല്ലെറിഞ്ഞു കൊല്ലാം' എന്ന് 'ലണ്ടൻ ടൈംസ്'' പത്രം പറയുന്നു.

'കറാച്ചിയിൽ തിരക്കേറിയ കച്ചവടകേന്ദ്രത്തിലുള്ള കാദിയാനി (അഹമ്മദീയ)പ്പള്ളിയുടെ ഗേററുകൾ തഴുതിട്ടു പൂട്ടിയിരിക്കുന്നു. പൊക്ക മുള്ള ചെറുപ്പക്കാരായ രണ്ട് അഹമ്മദീയ വളണ്ടിയർമാർ അവിടെ കാവൽ നിൽക്കുന്നു. അവിടത്തെ പല പണികൾ—ഉദ്യാനപ്പണി, മേൽനോട്ട പ്പണി മുതലായവ—നടത്തുന്നത് നാല്പതിലേറെ പ്രായമുള്ള അഹമ്മദീയ വളണ്ടിയർമാരാണ്. നാല്പതിൽത്താഴെ പ്രായമുള്ള വളണ്ടിയർമാർ യാ ഥാസ്ഥിതിക മുസ്ലീങ്ങളുടെ കോപത്തിൽനിന്ന് ഈ സ്ഥാപനത്തിന് കുറെയൊക്കെ സംരക്ഷണം നൽകുന്നു. സ്വന്തം പേർ വെളിപ്പെടുത്തരു തെന്ന് നിഷ്കർഷയുള്ള ഈ വളണ്ടിയർമാർ തങ്ങളുടെ സംഘടനയ്ക്കെതിരെ യുള്ള പൊതുപ്രക്ഷോഭണത്തെപ്പററി ഭയത്തോടെ സംസാരിച്ചു. 'ആരാ ണ് മുസ്ലീം എന്നും, ആരൊക്കെ മുസ്ലീം അല്ല എന്നും തീരുമാനിക്കേണ്ടതു ഗവണ്മെൻറല്ല' എന്ന് അവർ പറഞ്ഞു' എന്ന് 'ലണ്ടൻ ടൈംസ്'' പത്രം തുടർന്ന് എഴുതുന്നു.

'അഹമ്മദീയർക്കെതിരായ ഓർഡിനൻസ് മനുഷ്യാവകാശങ്ങളുടെ ധിക്കാരപൂർവ്വമായ ഒരു ലംഘനമാണെന്നു കുററപ്പെടുത്തുന്നുണ്ടെങ്കിൽത്ത ന്നെ, ആ ഓർഡിനൻസിനു വഴങ്ങിക്കൊടുക്കാനാണ് ഒരു ഔപചാരിക യോഗത്തിൽ അഹമ്മദീയനേതാക്കൾ തീരുമാനിച്ചിട്ടുള്ളത്. നിയമം അനുസരിക്കുന്നതിലോ, അതിനെതിരെ പൊരുതുന്നതിലോ ഏതിലാ ണ് അപകടം കുറവ് എന്നതാണ് പ്രശ്നമെന്ന് ഒരു നേതാവ് പറഞ്ഞു എന്ന് 'ന്യൂയോർക്ക് ടൈംസ്'' എന്ന അമേരിക്കൻപത്രം രേഖപ്പെടുത്തി യിട്ടുണ്ട്.

കുറെയേറെ അഹമ്മദീയർ കേരളത്തിലുമുണ്ട്. അഹമ്മദീയർക്കെ തിരെ പാകിസ്ഥാൻ ഗവണ്മെൻറ് കൈക്കൊണ്ടുവരുന്ന മർദനനടപടിക ളിൽ പ്രതിഷേധിക്കാൻ ഒരു സമ്മേളനം മെയ്മാസത്തിൽ ഇവർ കോഴി ക്കോട്ടു നടത്തുകയുണ്ടായി. ഇവിടെ അവർക്ക് അതിനു സ്വാതന്ത്ര്യമുണ്ട ല്ലോ. രാഷ്ട്രം മതാധിഷ്ഠിതമാകാത്തതിൻെറ ഗുണം!

5–8–1984

# 16. ബഹായികൾ

ഇസ്ലാമികസ്റ്റേററ് ആയ ഈറാനിൽ 'ബഹായികൾ'എന്ന മതവിഭാഗ ക്കാർ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളെപ്പററിയാണ് എഴുതുന്നത്. കഴിഞ്ഞ ജൂലൈ 14–ാം തീയതി ഡില്ലിയിൽ ചേർന്ന ഒരു പൊതുയോഗ ത്തിൽ മിസ്സിസ് സേന സോറാബ്ജി എന്ന ഈറാൻകാരിയായ മാന്യ സ്ത്രീ ഇങ്ങനെ പറയുകയുണ്ടായി:

'ഈറാനിലെ ഒരു ചെറുഗ്രാമത്തിലാണ് ഞങ്ങൾ പാർക്കുന്നത്. ആ ഗ്രാമത്തിലുള്ള ഏതാനും ബഹായികുടുംബങ്ങളിലൊന്നാണ് ഞങ്ങളുടേ ത്. ഏതാനും മാസങ്ങൾക്കുമുമ്പ് ഈ ഗ്രാമത്തിലെ മൊല്ലാക്ക ഇളക്കി വിട്ട ഒരു ജനക്കൂട്ടം ഞങ്ങളുടെ വീടുവളഞ്ഞു.

'അവർ എൻെറ അച്ഛനെ തെരുവിലേക്കു വലിച്ചിഴച്ചുകൊണ്ടുപോ

യി അവിടെയിട്ടു കത്തിക്കൊന്നു. അദ്ദേഹത്തെ കൊന്നവർ ഗ്രാമത്തിൽ ഇപ്പോൾ വീരരായി വാഴ്ത്തപ്പെടുന്നു.

'അച്ഛന്റെ ശവം ഞങ്ങൾ തെരുവിൽനിന്നു വീട്ടിനകത്തേക്കു് എടുത്തുകൊണ്ടുവന്നു. ജനക്കൂട്ടം വീണ്ടും ഞങ്ങളുടെ വീടുവളഞ്ഞു. ശവം ശ്മശാനത്തിലേക്കെടുക്കാൻ ഞങ്ങളെ അവർ അനുവദിച്ചില്ല. അതു് വീട്ടിൽ ഒരു മുറിയിൽ കിടന്നു. രണ്ടുദിവസം കഴിഞ്ഞപ്പോൾ, 'ഓഡിക്കൊളോൺ' എന്ന സുഗന്ധതൈലത്തിൽ തുവാലനനച്ചു് മൂക്കിനുതാഴെ കെട്ടാൻ അമ്മ ഞങ്ങളോടു പറഞ്ഞു. ശവശരീരത്തിൽ അമ്മ പനിനീർ ഒഴിച്ചു. എന്നിട്ടും നാററം അസഹ്യമായിരുന്നു. വീട്ടിൽനിന്നു പുറത്തിറങ്ങാൻ ഞങ്ങൾക്കു കഴിഞ്ഞില്ല.

'ഒരു മൊല്ലാക്ക എല്ലാ ദിവസവും വന്നു് താഴ്ന്ന സ്വരത്തിൽ അമ്മയോടു സംസാരിക്കുമായിരുന്നു. ഏഴു് ദിവസം ഇങ്ങനെ കഴിഞ്ഞപ്പോൾ അമ്മയുടെ സഹനശക്തി നശിച്ചു. ബഹായികളുടെ വിശുദ്ധഗ്രന്ഥം അമ്മ നിലത്തെറിഞ്ഞു് അതിന്മേൽ ചവിട്ടി.

'ഈ വിവരം പുറത്തു് അറിഞ്ഞപ്പോൾ ജനക്കൂട്ടം വീട്ടിനകത്തേക്കു തള്ളിക്കയറി. അവർ ഞങ്ങൾക്കു് ഉണക്കിയ പഴങ്ങൾ ധാരാളം തന്നു. ശവം മറവുചെയ്യാൻ അവർ ഉടനെ ഏർപ്പാടുചെയ്തു. അമ്മ ഒരിടത്തിരുന്നു കരഞ്ഞു. ഏതാനും മാസങ്ങൾക്കകം അമ്മയ്ക്കു് ഭ്രാന്തായി.' (സ്റ്റേററ്സ്മാൻ ജൂലൈ 15).

ബഹായിമതത്തിൽ വിശ്വസിക്കുന്നവരെ നിർബന്ധിച്ചു് ആ മതം ഉപേക്ഷിപ്പിക്കുന്നതിനു് ഖൊമൈനിയുടെ ഈറാനിൽ നടന്നുവരുന്ന ശ്രമങ്ങൾ വിവരിക്കുകയായിരുന്നു മിസ്സിസ് സേന സൊറാബ്ജി.

ബഹായികൾക്കെതിരെ നടന്നുവരുന്ന മർദനങ്ങളെ ലോകത്തിലെങ്ങുമുള്ള പല സംഘടനകളും ആക്ഷേപിച്ചിട്ടുണ്ടു്. പക്ഷേ, ഈറാൻ ഗവണ്മെൻറിനു് കുലുക്കമില്ല. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശക്കമ്മററിയിൽ ഈ പ്രശ്നം ചർച്ചചെയ്യുവന്നപ്പോൾ, ഈറാനിയൻ പ്രതിനിധി പറഞ്ഞതെന്തെന്നോ? 'ബഹായികളെപ്പററി ഈറാനിലെ ഭരണഘടനയിൽ ഒന്നും പറയുന്നില്ല. അങ്ങനെ ഒരു മതവിഭാഗം നിലവിലില്ല, അതിനാൽ അവർക്കു് അവകാശങ്ങളുമില്ല.'

ബഹായിമതം ഇസ്ലാമിനെതിരാണെന്നാണു് ആ മതത്തെ മർദ്ദിച്ചൊതുക്കുന്നതിനു പറയപ്പെടുന്ന ഒരു കാരണം. ദൈവത്തിന്റെ പ്രവാചകന്മാരിലൊരാളാണു് താനെന്നു് ബഹായിമതം സ്ഥാപിച്ച ബഹാ ഉള്ള പ്രസ്താവിച്ചിട്ടുണ്ടെന്നതു നേരാണു്. മഹമ്മദുനബിയാണു് അവസാനപ്രവാചകൻ എന്നതിനാൽ, ബഹാഉള്ളയുടെമേൽച്ചേർത്ത പ്രസ്താവം ഇസ്ലാമിനു് നിരക്കാത്തതാണെന്നു് യാഥാസ്ഥിതിക മുസ്ലീങ്ങൾ കരുതുന്നു.

സിയ്യിദ് അലി മുഹമ്മദ് എന്നൊരു ഈറാൻകാരൻ ക്രിസ്തുവർഷം 1844–ൽ 'ബാബിമതം' എന്ന ഒരു മതവിഭാഗം സ്ഥാപിച്ചിരുന്നു. സിയ്യിദ് അലിയുടെ മറെറാരു പേരായിരുന്നു 'ബാബ്' എന്നതു്. 'പടിവാതിൽ' എന്നാണു് ആ വാക്കിനു് അർത്ഥം. താൻ ഒരു പടിവാതിൽ മാത്രമാണെന്നും, മഹാനായ ഒരു പ്രവാചകൻ താമസിയാതെ പ്രത്യക്ഷപ്പെടുമെന്നും ബാബ് പ്രവചിച്ചു. അദ്ദേഹത്തിനു് ധാരാളം അനുയായികൾ ഉണ്ടായി. എങ്കിലും അന്നത്തെ ഈറാൻ (പേഴ്സ്യൻ) ഗവണ്മെൻറ് ഇസ്ലാംവിരുദ്ധപ്രവർത്തനങ്ങൾ ആരോപിച്ചു് 1850–ൽ സിയ്യിദ് അലി മുഹമ്മദിനെ വധിച്ചു. അദ്ദേഹത്തിന്റെ അനുയായികളായ ബാബികളെ അന്നു് തുർക്കിഭരണത്തിൻകീഴിലായിരുന്ന ഇറാക്കിലേക്കു് നാടുകടത്തുകയുംചെയ്തു.

ക്രിസ്തുവർഷം 1817–ൽ ഈറാനിലെ ടെഹറാനിൽ ജനിച്ച മിർസാ

ഹുസൈൻ അലി ബാബിമതത്തിലേക്ക് ആകൃഷ്ടനായി. അടുത്തുതന്നെ പ്രത്യക്ഷപ്പെടുമെന്ന് സിയ്യിദ് അലി മുഹമ്മദ് (ബാബ്) പ്രവചിച്ച 'മഹാനായ പ്രവാചകൻ' താൻതന്നെയാണെന്ന് മിർസാ ഹുസൈൻ അലി വിശ്വസിച്ചു. 1847–ൽ അദ്ദേഹം 'ബഹാഉള്ള' എന്നപേർ സ്വീകരിച്ചു. 'ദൈവത്തിൻെറ മഹിമ' എന്നാണ് ആ പേരിന് അർത്ഥം. 1850–ൽ സിയ്യിദ് അലി മുഹമ്മദ് (ബാബ്) കൊല്ലപ്പെട്ടപ്പോൾ ബഹാഉള്ള ബാബിമതത്തിൻെറ നേതാവായി. 1853–ൽ ഇറാൻ ഗവൺമെൻറ് ബഹാഉള്ളയെ അറസ്റ്റ്ചെയ്തു. അല്പകാലത്തെ കാരാഗൃഹവാസത്തിനു ശേഷം അദ്ദേഹത്തെയും ഇറാക്കിലുള്ള ബാഗ്ദാദിലേക്ക് നാടുകടത്തി.

ബാബ് പ്രവചിച്ച പ്രവാചകൻ താനാണെന്ന് 1863–ൽ ബഹാഉള്ള പ്രഖ്യാപിച്ചു. ബാബിമതത്തിൻെറ പേർ അതോടെ 'ബഹായി മതം' എന്നായി. ബാഗ്ദാദിലെ തുർക്കി ഭരണാധികാരികൾ 1864–ൽ ബഹാഉള്ളയെ പിടിച്ച് തുർക്കിയിലേക്കു കൊണ്ടുപോയി. 1868 മുതൽ 1892–ൽ മരിക്കുംവരെ, ബഹാഉള്ള താമസിച്ചിരുന്നത്, ഇപ്പോൾ ഇസ്രായേൽ രാജ്യത്തിലുൾപ്പെട്ട 'അക്കാ' എന്ന സ്ഥലത്തുള്ള ബ്രിട്ടീഷ് തടവുകാരുടെ കോളനിയിലായിരുന്നു.

ബഹാഉള്ള നൂറിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവയെ വിശുദ്ധഗ്രന്ഥങ്ങളായി ബഹായികൾ കണക്കാക്കുന്നു. ദൈവം തൻെറ ഇച്ഛ വെളിപ്പെടുത്താൻ തെരഞ്ഞെടുത്ത പ്രവാചകനാണ് ബഹാഉള്ള എന്നതിൽ ബഹായികൾക്ക് യാതൊരു സംശയവുമില്ല.

നിത്യങ്ങളായ ധാർമ്മികസത്യങ്ങൾ മനുഷ്യരെ പഠിപ്പിക്കാനും, പുതിയ സാമൂഹ്യസത്യങ്ങൾ വെളിപ്പെടുത്താനുമായി ദൈവം പല പ്രവാചകരെ അയച്ചിട്ടുണ്ടെന്നാണ് ബഹായികളുടെ വിശ്വാസം. ബൈബിളിൽ പഴയനിയമത്തിൽ പറയുന്ന അബ്രഹാം, മോശ, പുതിയ നിയമത്തിലെ യേശുക്രിസ്തു, ഇസ്ലാം സ്ഥാപിച്ച മുഹമ്മദുനബി എന്നിവർ ഇത്തരത്തിലുള്ള പ്രവാചകരാണ്. ഏററവും അടുത്തകാലത്തു് പ്രത്യക്ഷപ്പെട്ട പ്രവാചകനാണ് ബഹാഉള്ള എന്ന് ബഹായികൾ കരുതുന്നു.

ഒരേ ദൈവത്തെ ആരാധിക്കുവാനുള്ള മാർഗങ്ങളാണ് എല്ലാ മതങ്ങളുമെന്ന് ബഹാഉള്ള പ്രഖ്യാപിച്ചു. മനുഷ്യസേവനമാണ് ഏററവും ഉത്കൃഷ്ടമായ ഈശ്വരസേവനം. പരസ്പരം അംഗീകരിച്ചുകൊണ്ട് മനുഷ്യസമൂഹം ഒരു ഏകീകൃതസമുദായമായിത്തീരണമെന്നാണ് ഈശ്വരൻ ഇച്ഛിക്കുന്നതു്. ഈ വിശ്വാസങ്ങളിൽ ബഹായിമതത്തിനു് ഹിന്ദുമതത്തോടുള്ള സാധർമ്യം പ്രകടമാണ്. പ്രായം, വർഗം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഭേദോവനകളെ ബഹാഉള്ള എതിർത്തു. ഫെഡറൽ മാതൃകയിൽ ഒരു ലോകഗവൺമെൻറ് സ്ഥാപിക്കണമെന്ന് അദ്ദേഹം വാദിച്ചു.

ബഹായിമതം പല രാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ട്. ബഹായികൾക്ക് പതിനേഴായിരം 'പ്രാദേശിക–ആദ്ധ്യാത്മിക–സഭകൾ' (പ്രാദേശികസംഘടനകൾ) ഉണ്ടെന്ന് 1981–ൽ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൽ കാണുന്നു. ഈ സഭകളിൽ ആയിരം എണ്ണം അമേരിക്കൻ ഐക്യനാടുകളിലാണ്. ഇല്ലിനോയ് സ്റ്റേററിൽ വിൽമെററ് എന്ന നഗരത്തിലാണ് അമേരിക്കൻ ബഹായികളുടെ കേന്ദ്രം. (ദേശീയ–ആദ്ധ്യാത്മിക–സഭ), ബഹായികളുടെ അന്താരാഷ്ട്രീയ–ഭരണകേന്ദ്രമായ 'സാർവ്വലൗകിക–ന്യായഗൃഹം' യോഗം ചേരുന്നതു്, ഇസ്രായേൽ രാജ്യത്തു് ഹൈഫ എന്ന സ്ഥലത്താണ്. കേരളത്തിൽ എറണാകുളത്തു് ബഹായികൾക്ക് ഒരു കേന്ദ്രമുണ്ടെന്നറിയുന്നു.

ബഹായിമതം ഇസ്ലാമിന്നെതിരാണെന്ന ആരോപണത്തെ ബഹായികൾ ശക്തിപൂർവം നിഷേധിക്കുന്നു. മഹമ്മദ്നബിയുടെ എല്ലാ

ഉപദേശങ്ങളെയും തങ്ങൾ അംഗീകരിക്കുന്നു എന്നും, ക്രിസ്തുമതം യഹൂദമതത്തിന്റെ ഒരു തുടർച്ചയായിരിക്കുന്നതുപോലെ ബഹായിമതം ഇസ്ലാമിന്റെ തുടർച്ച മാത്രമാണെന്നും അവർ വാദിക്കുന്നു.

ബഹായികൾക്കെതിരായ മറ്റൊരാരോപണം അവർ യഹൂദരെ അനുകൂലിക്കുകയും ഇസ്രായേലിലേക്കു പണമയയ്ക്കുകയുംചെയ്യുന്നു എന്നതാണ്. ബഹാഉള്ള തന്റെ ആയുസ്സിന്റെ അവസാനത്തെ ഇരുപത്തിനാലു വർഷങ്ങൾ കഴിച്ചുകൂട്ടിയതു് ഇസ്രായേലിലെ 'അക്കോ' എന്ന സ്ഥലത്താണ്. അവിടെയുള്ള ദേവാലയത്തിന്റെ സംരക്ഷണത്തിനു വേണ്ട പണം ബഹായികൾ അങ്ങോട്ട് അയയ്ക്കുന്നുണ്ട്. മറ്റൊരു വിധത്തിലും തങ്ങൾ ജൂതപ്രസ്ഥാനത്തെ (സിയോണിസത്തെ) സഹായിക്കുന്നില്ല എന്നു് ബഹായികൾ പറയുന്നു.

ഖൊമൈനിയുടെ അനുയായികൾ സ്ഥാനഭ്രഷ്ടനാക്കിയ ഈറാനിലെ ഷായെ ബഹായികൾ അനുകൂലിച്ചിരുന്നു എന്നതാണ് അവർക്കെതിരായ വേറെ ഒരു ആരോപണം. ഇതു് അസത്യമാണെന്നും, ഷാ ഭരണം തങ്ങളെ പീഡിപ്പിക്കുകയേ ചെയ്തിട്ടുള്ളു എന്നും ബഹായികൾ ചൂണ്ടിക്കാട്ടുന്നു. ഷായുടെ അവസാനത്തെ പ്രധാനമന്ത്രി ഒരു ബഹായി ആയിരുന്നു എന്ന ആരോപണത്തെ അവർ നിഷേധിക്കുന്നു. ബഹായികൾക്കു് രാഷ്ട്രീയം നിഷിദ്ധമാണ്. ഷായുടെ പ്രധാനമന്ത്രിക്കു് ബഹായിമതവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ മുത്തച്ഛൻ ഒരു ബഹായി ആയിരുന്നു.

ദില്ലിയിലെ യോഗത്തിൽവെച്ച് മിസ്സിസ് സൊറാബ്ജി ഈറാനിലെ മതമർദനത്തിനെതിരെ പൊതുജനാഭിപ്രായം വളർത്തുവാൻ ഇന്ത്യയിലെ ജനങ്ങളോട്ട് അഭ്യർത്ഥിക്കുകയുണ്ടായി.

മതം ഏതായാലും രാഷ്ട്രം മതാധിഷ്ഠിതമാവരുതു് എന്നതിനു മറ്റൊരു ഉദാഹരണമാണ് ഈറാനിൽ ബഹായികൾക്കു നേരിടേണ്ടിവരുന്ന മർദനം.

23-9-1984

# 17. പാഴ്സികൾ

'സെന്ദ് അവെസ്ത' എന്ന വേദഗ്രന്ഥത്തിലും 'ജരതുഷ്ടൻ'(സൊറോസ്റ്റർ) എന്ന പ്രവാചകനിലും വിശ്വസിക്കുന്നവരെയാണ് 'പാഴ്സികൾ' എന്നു നാം വിളിക്കുന്നതു്. ജരതുഷ്ടമതം പിറന്ന ഈറാനിൽ ഇപ്പോൾ ആ മതം വിശ്വസിക്കുന്നവരുടെ എണ്ണം നാല്പതിനായിരത്തോളം മാത്രമാണ്. ഏറ്റവും കൂടുതൽ പാഴ്സികൾ (ജരതുഷ്ടമതാനുയായികൾ) ഉള്ളതു് ഇന്ത്യയിലാണ്—ഒന്നരലക്ഷത്തോളം. ഇവരിൽ അറുപത്തീരായിരത്തിഅഞ്ഞൂറോളം പേർ ബോംബെ നഗരത്തിൽത്തന്നെയാണുള്ളതു്. ലോകമെങ്ങും ചിതറിക്കിടക്കുന്ന ഈ അതി ന്യൂനപക്ഷ മതവിഭാഗത്തിന്റെ ഇന്നത്തെ പ്രശ്നങ്ങൾ—നിലനില്പിന്റെ പ്രശ്നങ്ങൾ എന്നുതന്നെ പറയാം—ചർച്ചചെയ്യാനും, അവർക്കിടയിൽ കാര്യക്ഷമമായ സമ്പർക്കത്തിനുള്ള മാർഗങ്ങൾ തേടാനുമായി, 'ജരതുഷ്ടകോൺഗ്രസ്സിന്റെ നാലാം ലോകസമ്മേളനം ഇക്കഴിഞ്ഞ ജനുവരി രണ്ടാം വാരത്തിൽ ബോംബെയിൽ ചേരുകയുണ്ടായി. ബ്രിട്ടൻ, വടക്കേ അമേരിക്ക, വിദൂര പൗരസ്ത്യദേശം, പടിഞ്ഞാറെ ഏഷ്യ മുതലായ പ്രദേശങ്ങളിൽനിന്നും ഇന്ത്യയിൽ